"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിൽ വകുപ്പ്- കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്- ശ്രീ. ശ്രീജിത്ത് ശ്രീധറിന്റെ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ തസ്തികയിലെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിൽ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.681/2026/LBR തീയതി,തിരുവനന്തപുരം, 10-06-2026

---

പരാമർശം:-
1. 28.11.2024 ലെ സ.ഉ(സാധാ) നം.1232/2024/തൊഴിൽ
2. 04.06.2026 ലെ ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടറുടെ KTWWFB/572/2020-A1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് പാലക്കാട് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ തസ്തികയിലേക്ക് പരാമർശം (1) പ്രകാരം തസ്തികമാറ്റം മുഖേന നിയമനം നൽകിയിട്ടുള്ള ശ്രീ. ശ്രീജിത്ത് ശ്രീധറിന്റെ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി ടിയാളുടെ സേവനപുസ്തകവും അനുബന്ധരേഖകളും ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്(വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാരുടെ നിയമനവും സേവനവ്യവസ്ഥകളും സംബന്ധിച്ച) റെഗുലേഷൻ ചട്ടം 12 (2) പ്രകാരം തസ്തികമാറ്റം മുഖേന നിയമിക്കപ്പെടുന്നവർക്ക് തുടർച്ചയായ രണ്ടു വർഷത്തിനുള്ളിലെ ഒരു വർഷമാണ് പ്രൊബേഷൻ കാലയളവ്. തസ്തികമാറ്റം മുഖേന 23.12.2024-ന് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ടിയാൻ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന 43 ദിവസത്തെ അവധിയെടുക്കുകയും പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവിശ്യമായ ഒരു വർഷത്തെ ഡ്യൂട്ടി 03.02.2026-ൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രൊബേഷൻ കാലയളവിൽ ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമായിരുന്നുവെന്ന് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടിയാന്റെ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ തസ്തികയിലെ പ്രൊബേഷൻ 04.02.2026 തീയതി പ്രാബല്യത്തിൽ പൂർത്തിയായതായി പ്രഖ്യാപിക്കണമെന്ന് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അപേക്ഷിച്ചിരിക്കുന്നു.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. 1999-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് (വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാരുടെ നിയമനവും സേവന വ്യവസ്ഥകളും

സംബന്ധിച്ച റഗുലേഷനുകൾ ചട്ടം 14-ലെ അധികാരസ്ഥാനം ഉപയോഗപ്പെടുത്തി, ശ്രീ.ശ്രീജിത്ത് ശ്രീധറിന്റെ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ തസ്തികയിലെ പ്രൊബേഷൻ 04.02.2026-ന് പൂർവാഹനം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം. (സേവനപുസ്തകം സഹിതം)
ശ്രീ.ശ്രീജിത്ത് ശ്രീധർ, വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ,പാലക്കാട്(ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (LBRD-B1/85/2026-LBRD)

ഉത്തരവിൻ പ്രകാരം

**Signed by Abhilash S S**
**Date: 11-06-2026 12:05:36**

സെക്ഷൻ ഓഫീസർ